# CHAPTER 1

1:1 'രക്ഷിതാവായ ദൈവം' God our saviour ഒരു പഴയനിയമ വിശേഷണപദം എന്നു തോന്നാം. യിസ്രായേലിന്റെ രക്ഷകൻ. പരിപാലകൻ. ഇതായിരുന്നു പഴയനിയമ വിശ്വാസിക്കു യഹോവ. "രക്ഷിതാവായ ദൈവം' എന്ന വിശേഷണം ഈ ഇടയലേഖനത്തിലുടനീളം വി. പൗലൂസ് ഉപയോഗിച്ചിരിക്കുന്നു.

നമ്മുടെ പ്രത്യാശയായ യേശുക്രിസ്തു : Jesus Christ Our Hope

ദൈവത്തിന്റെ രക്ഷണ്യപദ്ധതിയുടെ പൂർത്തീകരണം നാം കാണുന്നത് നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിലത്രെ.

Col 1:27 ൽ നാം വായിക്കുന്നു - യേശുക്രിസ്തു മഹത്വത്തിന്റെ പ്രത്യാശ അത്രെയെന്ന്. ക്രിസ്തുവേശുവിന്റെ അപ്പൊസ്തലനായ പൗലൂസ് Paul an apostle of Christ.

പൗലൂസിന്റെ അപ്പൊസ്തലത്വം താൻ ദൈവത്തിൽനിന്നും നേരിട്ടു പ്രാപിച്ചത്. അതു മിക്ക ലേഖനങ്ങളിലും സമർത്ഥിച്ചുകൊണ്ടാണ് ലേഖനം എഴുതിയിരിക്കുന്നത്. ചോദിച്ചു വാങ്ങിയ അപ്പൊസ്തലത്വം അല്ല.

ദൈവം വിളിച്ചു വേറുതിരിച്ചു കൊടുത്തത്.

ദൈവേഷ്ഠത്താൽ വിളിക്കപ്പെട്ട അപ്പൊസ്തലൻ

ഈ ലേഖനങ്ങൾ ആധികാരികം ആകണമെങ്കിൽ 'അപ്പൊസ്തലൻ' ആധികാരികൻ ആകണം.

ഈ ഉറപ്പ് തന്റെ കേഴ്വിക്കാർക്കു കൊടുക്കാൻ വി. പൗലൂസ് വളരെയധികം ശ്രദ്ധിച്ചിരുന്നു.

1:2 തിമൊഥിയെ സംബോധന ചെയ്യുന്നത്. വിശ്വാസത്തിൽ നിജപുത്രനായ തിമൊഥി. കൗമാരപ്രായം മുതൽ പൗലൂസിന്റെ ശിക്ഷണം ലഭിക്കാൻ ഭാഗ്യമുണ്ടായ ശിഷ്യൻ. അത്രമാത്രം സ്നേഹവും വിശ്വാസവും ഈ യുവസുവിശേഷകനിൽ വൃദ്ധനായ പൗലൂസ് കണ്ടു.

**<u>കൃപ, കനിവ്, സമാധാനം</u>**

വി. പൗലൂസിന്റെ എല്ലാ ലേഖനങ്ങളിലും ഈ അനുഗ്രഹവചനം ഉണ്ട്. ദൈവത്തിൽനിന്നും ഒരു വിശ്വാസിക്കു ആവശ്യമായ സകലതും ഈ അനുഗ്രഹവചനത്തിൽ അടങ്ങിയിരിക്കുന്നു.

ദൈവത്തിനുമാത്രം തരാൻ കഴിവുള്ളത്. മനുഷ്യന് മറ്റൊരിടത്തുനിന്നും പൂർണ്ണമായി നേടാൻ കഴിയാത്തത്. ദൈവം തന്റെ കനിവു കാരണം ഈ ഏഴകളും പുഴുക്കളുമായ മാനവ ജാതിക്ക് നൽകിയിരിക്കുന്നു.

ഈ കൃപ, ഈ കനിവ്, ഈ ദൈവിക സമാധാനം നമുക്കും പ്രാപിക്കാം.

**<u>1:3-11 കള്ള ഉപദേശകരെപ്പറ്റിയുള്ള മുന്നറിയിപ്പ്</u>**

1:3,4 എഫെസൂസിലെ സഭയിൽ തിമോത്തി കുറെക്കാലംകൂടെ തുടരണം. കാര്യങ്ങൾ അവിടെ കുറെക്കൂടെ ക്രമീകരിക്കാനുണ്ട്. കപടഉപദേശം, ജനത്തെ യഥാർത്ഥ സത്യത്തിൽനിന്നും വലിച്ചുകൊണ്ടുപോകാൻ കഴിവുള്ള ഉപദേശം അവിടെ കടന്നു വരുന്നത് ചെറുത്തുനിൽക്കണം.

കെട്ടുകഥകൾ - തർക്കങ്ങൾക്കു മാത്രം ഉതകുന്നവ.

വിശ്വാസത്താൽ സ്വന്തമാക്കേണ്ട രക്ഷ, തർക്കത്തിലൂടെ കണ്ടെത്താൻ കഴിയില്ല. കർത്താവിലേക്കു കടന്നുവരുന്ന വ്യക്തിക്ക് ആവശ്യമായിരിക്കുന്നത് 'Absolute surrender' (പൂർണ്ണ സമർപ്പണം) അത്രെ.

യേശുക്രിസ്തുവിൻ <u>പുണ്യാഹരക്തം</u> നാം വിശ്വാസത്താൽ രക്ഷയ്ക്കായി ഏറ്റെടുക്കുന്നു. യേശുവിൻ രക്തത്താലുള്ള വിടുതൽ നാം വിശ്വാസത്താൽ സ്വന്തമാക്കുന്നു. യേശുവിൻ പുണ്യാഹരക്തത്തിലുള്ള അനുഗ്രഹം നാം വിശ്വാസത്താൽ സ്വന്തമാക്കുന്നു.

www.gospelsajacobsreviews.com

ഈ വീണ്ടെടുപ്പ് ലഭിച്ചത് നമ്മുടെ 'വംശാവലിയിൽ' കൂടെയല്ല.

അന്തമില്ലാത്ത വംശാവലികൾ

നമുക്ക് പ്രശംസിപ്പാൻ യോഗ്യമായ യാതൊന്നുംതന്നെ നമ്മുടെ വംശാവലിയിൽ ഇല്ല. ദൈവസന്നിധിയിൽ അതിനു യാതൊരു മാന്യതയുമില്ല. നാം വംശാവലിയിലൂടെ പ്രാപിച്ചത് 'ശാപം' മാത്രം. അതു അഭിമാനിക്കാൻ യോഗ്യമല്ല. 2000 വർഷം മുമ്പ് സഭകളിൽ യഹൂദാവംശാവലിയോ, Gnostic തത്വശാസ്ത്രമോ ഏതൊക്കെയോ ചർച്ചാവിഷയമായി നിലനിന്നു എന്നു നാം കാണുന്നു. ഈ 'ദുർഭൂതം' സഭയെ നശിപ്പിക്കാതെയിരിപ്പാൻ വി. പൗലൂസ് തിമൊഥിയെ നിർബന്ധിക്കുന്നു. നീ എഫെസൂസിൽ തന്നെ നിൽക്കണം.

- ഇന്നത്തെ പ്രബലസഭകളിലും ഇല്ലേ ഈ തർക്കങ്ങൾ?

വംശാവലികൾ - കെട്ടുകഥകൾ - ഈ വക സഭയെ കാർന്നു തിന്നുന്നു. സഭാവിശ്വാസികളെ തമ്മിൽ തമ്മിൽ ശത്രുക്കളാക്കുന്നു.

സർവ്വശക്തൻ നമ്മുടെ ഹൃദയകണ്ണുകളെ ഒന്നു പ്രകാശിപ്പിക്കട്ടെ. സത്യത്തെ കാണുവാൻ, വിശ്വാസത്തെ ഒന്നു ശോധന ചെയ്യുവാൻ, കൃപയിൽനിന്നും വീഴാതെ നിൽക്കുവാൻ ദൈവം കൃപ പകരട്ടെ.

തിമൊഥിയെ എഫെസൂസിൽനിന്നും പോകാതെ നിൽക്കുവാൻ വി. പൗലൂസ് നിർബന്ധിച്ചതിന്റെ കാരണം

ശുദ്ധഹൃദയം, നല്ല മനഃസാക്ഷി, നിർവ്യാജ വിശ്വാസം - ഇവയാലുളവാകുന്ന സ്നേഹം

ശുദ്ധഹൃദയം - സ്നേഹത്തിന്റെ ഉറവിടം തന്നെ

ശുദ്ധഹൃദയമുള്ള വ്യക്തിയുടെ മനഃസാക്ഷി കളങ്കപ്പെട്ടതല്ല - അതിൽ യാതൊരു കാപട്യവും ഇല്ല.

Sincere faith - നിർവ്യാജ വിശ്വാസം

ഈ മൂന്നു ഗുണങ്ങളും അവന്റെ പൂർണ്ണതയിൽ കാണുന്നു സർവ്വശക്തനിൽ.

ഒരു വിശ്വാസി ഈ ഗുണങ്ങൾ പ്രാപിക്കാനായി വിളിക്കപ്പെട്ടിരിക്കുന്നു.

ഒരു sincere Evangelist (ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന സുവിശേഷകൻ) ഈ ഗുണങ്ങളാലുണ്ടാകുന്ന സ്നേഹം തന്റെ കേഴ്വിക്കാർക്കു പകരണം.

വി. പൗലൂസ് ഈ നിർവ്യാജ സ്നേഹത്താലാണ് തിമൊഥിയെ നിർബന്ധിച്ചത്. എഫെസൂസ് സഭയിൽ വിശ്വാസവിഷയങ്ങളിൽ മാലിന്യം കലർത്താൻ ശ്രമിക്കുന്ന "ആകാത്ത വേലക്കാർക്കെ' തിരെ സ്നേഹത്തോടെ നിൽക്കണം യുവാവായ തിമൊഥി.

1:6 എന്നാൽ എഫെസൂസിലുള്ള ചിലർ, ചില ഉപദേഷ്ഠാക്കൾ, ഈ സത്യത്തിൽനിന്നും വ്യതിചലിച്ച് 'വൃഥാവാദ' ങ്ങളിലേക്കു സഭയെ വലിച്ചിഴക്കാൻ ശ്രമിക്കുന്നു. ന്യായപ്രമാണ വിഷയങ്ങളാണു അവർ ജനത്തിനുമുമ്പിൽ വലിച്ചിഴയ്ക്കാൻ ശ്രമിക്കുന്നത്.

1:7 അവർ പറയുന്നത് വാസ്തവത്തിൽ ആധികാരികമായി സംസാരിപ്പാനുള്ള അറിവ് അവർക്കില്ല. എന്നാൽ തങ്ങൾ "ഉപദേഷ്ഠാക്കളാ"ണെന്ന് മറ്റുള്ളവരെ അറിയിപ്പാനുള്ള വ്യഗ്രതയിൽ തർക്കവിഷയങ്ങളെ വ്യാജമായുണ്ടാക്കി വാഗ്വാദം ഉണ്ടാക്കുന്നു. ന്യായപ്രമാണത്തിലോ, സുവിശേഷസത്യങ്ങളിലോ അറിവോ പാണ്ഡിത്യമോ അവകാശപ്പെടാനുള്ള യോഗ്യത ഇല്ലാത്തവർ. എന്നാൽ തങ്ങൾ ശ്രേഷ്ഠരെന്നു കാണിപ്പാനുള്ള അമിതമോഹം, ego, അവരെ ഭരിക്കുന്നു.

1:8-10 ന്യായപ്രമാണം : എന്താണ് ന്യായപ്രമാണത്തിലൂടെ ദൈവം നമ്മെ അറിയിക്കുന്നത്? ന്യായപ്രമാണം ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്ന വിശുദ്ധിയുടെ മാനദണ്ഡം തന്നെ. നമ്മുടെ കുറവുകളെ കാണുവാനുള്ള കണ്ണാടി.

അതുപോലെതന്നെ ന്യായപ്രമാണം എന്നെയോ നിങ്ങളെയോ ആരെയും നീതീകരിക്കുന്നില്ല. കുറ്റം കാട്ടിത്തരും. അതോടൊപ്പം അതിനുള്ള ശിക്ഷയും.

Galatians 2:16 ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും

www.gospelsajacobsreviews.com

fleettech@gmail.com

നീതീകരിക്കപ്പെടുകയില്ല). ന്യായപ്രമാണത്തിന്റെ കണ്ണാടിയിൽ മനുഷ്യർ നോക്കുമ്പോൾ എല്ലാ കുറ്റത്തിനുമുള്ള ശിക്ഷയെ കാണാം. ആർക്കുവേണ്ടിയാണിത്? നീതിമാനു വേണ്ടിയല്ല. പിന്നെ ആർക്കുവേണ്ടി?

അധർമ്മികൾക്ക്

അഭക്തർക്ക്

അനുസരണംകെട്ടവർക്ക്

പാപികൾക്ക്

അശുദ്ധർക്ക്

ബാഹ്യന്മാർക്ക്

പിതൃഹത്താക്കൾക്ക്

മാതൃഹത്താക്കൾക്ക്

കുലപാതകർക്ക്

ദുർന്നടപ്പുകാർക്ക്

പുരുഷമൈഥുനക്കാർക്ക്

നരമോഷ്ഠാക്കൾക്ക്

ഭോഷ്ക്കുപറയുന്നവർക്ക്

കള്ളസത്യം ചെയ്യുന്നവർക്ക്

പത്ഥ്യോപദേശത്തിനു വിരോധമായുള്ള സകലതിനുംവേണ്ടി വച്ചിരിക്കുന്ന ന്യായപ്രമാണം.

ന്യായപ്രമാണം മനുഷ്യർക്കു തങ്ങളുടെ അകൃത്യത്തെയും അതിന്റെ ശിക്ഷയെയും കുറിച്ചുള്ള ബോധം വരുത്തുന്നു. ഇതാ നിൽക്കുന്നു ശിക്ഷയ്ക്കു അർഹരായി ജനകോടികൾ

എന്തിനാണീ ന്യായപ്രമാണം കൊടുത്തത്?

ന്യായപ്രമാണം നല്ലതുതന്നെ. ന്യായപ്രമാണം അതിന്റെ ഉദ്ദേശ്യം നിവർത്തിക്കുന്നത് എപ്പോൾ?

Gal 3:24 *അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിനു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു.*

നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു.

Gal 3:19 *എന്നാൽ ന്യായപ്രമാണം എന്തിനു? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അതു ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കൈയ്യിൽ* ഏല്പിച്ചതുമത്രെ.

"വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം" (അതായത് ക്രിസ്തു വരുന്നതുവരെ) ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കൈയ്യിൽ ഏല്പിച്ചതത്രെ.

ക്രിസ്തുവിന്റെ അടുക്കൽ നാം എത്തിക്കഴിഞ്ഞാൽ ഇനി നാം കേൾക്കേണ്ടത് ക്രിസ്തു പറയുന്നത്.

ന്യായപ്രമാണത്തെപ്പറ്റിയുള്ള വാഗ്വാദം ഇനി വേണ്ട.

അതിന്റെ ഉദ്ദേശ്യം നമ്മെ ക്രിസ്തുവിന്റെ അടുക്കൽ എത്തിക്കുക എന്നതു തന്നെ.

Now we have a good news. We have the Gospel.

Gospel 'സുവിശേഷം' നമ്മെ കുറ്റം വിധിക്കയല്ല. നമ്മുടെ കുറ്റങ്ങളെ ക്ഷമിച്ചുതന്ന

www.gospel.sajacobsreviews.com
fleettech@gmail.com

സുവാർത്ത നമ്മെ അറിയിക്കുന്നതു തന്നെ.

കുറ്റപ്പെടുത്തുന്ന ന്യായപ്രമാണം നമ്മെ ക്രിസ്തുവിന്റെ മുമ്പിൽ എത്തിച്ചു. എന്നിട്ടു പറഞ്ഞു ഈ വരുന്ന വ്യക്തി കുറ്റക്കാരനാണ്. അവന്റെ ശിക്ഷ ഇതാണ്.

ക്രിസ്തു പറഞ്ഞു ഇവൻ കുറ്റക്കാരനല്ല. ഇവനിൽ യാതൊരു കുറ്റവും ഇല്ല. ഇവന്റെ സകല പാപവും യേശുക്രിസ്തുവിൽ പുണ്യാഹരക്തം മായിച്ചുകളഞ്ഞു. ദൈവത്തിനു സ്തോത്രം.

ഇനി നാം ന്യായപ്രമാണത്തെ കാണേണ്ടത് "സുവിശേഷത്തിന്റെ" കണ്ണുകളിലൂടെ മാത്രം. ഇതാണു ജ്ഞാനം.

ഇതറിയുന്നതാണു പരിജ്ഞാനം.

ധന്യനായ ദൈവത്തിന്റെ സുവിശേഷത്തിന് അനുസാരമായി നാം "ന്യായപ്രമാണത്തെ" നോക്കണം.

തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് കർത്താവിങ്കലേക്കു തിരിഞ്ഞവർ ന്യായ പ്രമാണത്തിൻ കീഴിലല്ല.

എന്നാൽ നാം വേറൊരു master ന്റെ കീഴിലാണ് - പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവിനെ നാം അനുസരിച്ച് കീഴടങ്ങി ജീവിക്കണം.

അപ്പോൾ ജഡത്തിന്റെ അശുദ്ധികളെ നമുക്ക് കീഴ്പ്പെടുത്തുവാൻ കഴിവു ലഭിക്കും.

Gal 5:13-26 വരെ ഈ വിഷയം വി. പൗലൂസ് വ്യക്തമാക്കി എഴുതിയിരിക്കുന്നു.

ഈ സുവിശേഷസത്യം - ഇതാണ് പത്ഥ്യോപദേശം - ഇതിനു വിരുദ്ധമായി ന്യായപ്രമാണത്തിന്റെ പേരിൽ സഭയിൽ ഉയർത്തുന്ന വാഗ്വാദങ്ങൾ, കോലാഹലങ്ങൾ ഇതത്രെ ദുരുപദേശം. ഇതിനെതിരായി ശക്തിയോടെ നിൽക്കാൻ വി. പൗലൂസ് തിമൊഥിയെ ഉപദേശിക്കുന്നു.

1:12-17 പൗലൂസിന്റെ സ്വന്തം അനുഭവം : കൃപ സ്വന്ത ജീവിതത്തിൽ

സ്വന്തജീവിതത്തെ വി. പൗലൂസ് നോക്കിക്കാണുന്നു. ക്രിസ്തു എന്തെല്ലാം കൊടുത്തു?

ശക്തി നൽകി, വിശ്വസ്തൻ എന്നെണ്ണി, ശുശ്രൂഷയ്ക്ക് ആക്കി.

എല്ലാത്തിനുമായി നന്ദി ദൈവമേ. സ്തുതി അർപ്പിക്കുന്നു.

Phil 4:13 *എന്നെ ശക്തൻ ആക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു.*

1:13 പൗലൂസ് തന്റെ പഴയകാലം മറന്നിട്ടില്ല. സ്വയം വിവരിക്കുന്നു. താൻ എങ്ങനെ ഈ ക്രിസ്തുവിന്റെ സുവിശേഷത്തിനു വിലങ്ങുതടിയായി നിന്നു.

ദൂഷകൻ, ഉപദ്രവി, നിഷ്ഠൂരൻ

Acts 22:4-5 *ഞാൻ പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചു കെട്ടി തടവിൽ ഏല്പിച്ചും ഈ മാർഗ്ഗക്കാരെ കൊല്ലുവാനും മടിക്കാതെ ഉപദ്രവിച്ചുംവന്നു. അതിന്നു മഹാപുരോഹിതരും മൂപ്പന്മാരുടെ സംഘം ഒക്കെയും എനിക്കു സാക്ഷികൾ; അവരോടു സഹോദരന്മാർക്കായി എഴുത്തു വാങ്ങിക്കൊണ്ടു ദമസ്കൊസിൽ പാർക്കുന്നവരെയും പിടിച്ചുകെട്ടി ദണ്ഡനത്തിന്നായി യെരൂശലേമിലേക്കു കൊണ്ടുവരേണ്ടതിന്നു ഞാൻ അവിടേക്കു യാത്രയായി.*

Acts 22:19-20 *അതിന്നു ഞാൻ: കർത്താവേ, നിന്നിൽ വിശ്വസിക്കുന്നവരെ ഞാൻ തടവിൽ ആക്കുകയും പള്ളിതോറും അടിപ്പിക്കയും ചെയ്തു എന്നും നിന്റെ സാക്ഷിയായ സ്തെഫാനൊസിന്റെ രക്തം ചൊരിഞ്ഞപ്പോൾ ഞാനും സമ്മതിച്ചു അരികെ നിന്നു അവനെ കൊല്ലുന്നവരുടെ വസ്ത്രം കാത്തുകൊണ്ടിരുന്നു എന്നും അവൻ അറിയുന്നുവല്ലോ എന്നു പറഞ്ഞു.*

Acts 26:9-11 *നസറായനായ യേശുവിന്റെ നാമത്തിനു വിരോധമായി പലതും പ്രവർത്തിക്കേണം എന്നു ഞാനും വിചാരിച്ചു സത്യം. അതു ഞാൻ യെരുശലേമിൽ ചെയ്തിട്ടുമുണ്ടു; മഹാപുരോഹിതന്മാരുടെ അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിൽ ആക്കി*

www.gospel.salacobsreviews.com
fleettech@gmail.com

*അടെച്ചു; അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുംകൊണ്ടു ദൂഷണം പറവാൻ നിർബ ന്ധിക്കുകയും അവരുടെ നേരെ അത്യന്തം ഭ്രാന്തുപിടിച്ചു അന്യപട്ടണങ്ങളോളവും ചെന്നു അവരെ ഉപദ്രവിക്കുകയും ചെയ്തു.*

ന്യായപ്രമാണത്തിലെ ശുഷ്കാന്തി നിമിത്തം സഭയെ ഉപദ്രവിച്ചവനായിരുന്നു തർശോ സിലെ ശൗൽ. അവിശ്വാസത്താൽ, അറിവില്ലായ്മയാൽ ചെയ്തതാകയാൽ കരുണ ലഭിച്ചു.

1:14 മാത്രമല്ല. കൃപ ഒഴുകി.

ഒരിക്കൽ ദൈവമക്കളെ ഒടുക്കിക്കളവാൻ ഓടി നടന്നവന്റെ ഉള്ളിൽ ക്രിസ്തുവിൻ സ്നേഹം വ്യാപരിച്ചു. വിശ്വാസം വർദ്ധിച്ചു. കൃപ ഒഴുകി. ജീവിതത്തിൽ കുറവുണ്ടായി രുന്ന സകലതും നിറയ്ക്കാൻ ആ കൃപ മതിയായതായിരുന്നു.

1:15 ഇതത്രെ സുവിശേഷം. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽവന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ. യേശുവിൻ ലോകാവതാരത്തിന്റെ ഉദ്ദേശ്യം ഈ വാക്യത്തിലുണ്ട്. ക്രിസ്തുയേശു ലോക ത്തിൽവന്ന് രക്ഷിച്ച ഒരു പാപിയെ ഇതാ പൗലൂസ് പരിചയപ്പെടുത്തുന്നു. പൗലൂസ് - തർശോസിലെ പഴയ ശൗൽ എന്ന യഹൂദൻ അതെ - പാപികളിൽ ഒന്നാമൻ - ഒന്നും മറെച്ചു വയ്ക്കാറില്ല. പലരെയും ഉപദ്രവിച്ചു. പലരെയും കൊല്ലിച്ചു. അനേകരെ തടവി ലാക്കി. സ്തേഫാനോസിനെ കല്ലെറിയാൻ കൂട്ടുനിന്നു. അതേ ഇതാ നിൽക്കുന്നു പാപി കളിൽ ഒന്നാമൻ.

1:16 എന്നാൽ എനിക്കു കരുണ ലഭിച്ചു. ഈ നീച പാപിയായിരുന്ന തർശോസിലെ ശൗലിനെ രക്ഷിക്കാമെങ്കിൽ ലോകത്തിലുള്ള ഏതു കഠിന പാപിയേയും രക്ഷിക്കുവാൻ യേശു വിൻ സുവിശേഷത്തിനു കഴിയും.

വി. പൗലൂസു പറയുന്നു. ദൈവം സകല ദീർഘക്ഷമയും എന്നിൽ കാണിച്ചു. ഇതെന്തി നുവേണ്ടി? ദൃഷ്ടാന്തത്തിനായി.

തന്നിൽ വിശ്വസിപ്പാനിരിക്കുന്നവരുടെ ദൃഷ്ടാന്തത്തിനായി.

God showing an example by savings 'saul of Tarsus'

Come my son my daughter. I can save you

ഏതു കഠിന പാപിയുമേ - കടന്നു വരിക. Jesus calls you. Come and be saved. സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

ഈ ദൈവം എത്ര വലിയവൻ. He is sovereign over all the ebb and flow of human history. മാനവ ചരിത്രത്തിന്റെ പിന്നിലെ അദൃശ്യശക്തി ഈ സർവ്വശക്തൻ തന്നെ.

അവൻ അക്ഷയൻ - Immortal

അദൃശ്യൻ - Invisible

ഏകദൈവം - The only God

സർവ്വ സ്തുതിക്കും, സ്തോത്രത്തിനും, പുകഴ്ചയ്ക്കും മഹിമയ്ക്കും യോഗ്യൻ അവൻ തന്നെ. ദൈവത്തിനു സ്തോത്രം.

1:18-20 തിമൊഥിക്കുള്ള പ്രബോധനം

1:18 തിമൊഥിയെ വലിയ ഉത്തരവാദിത്വം ഏല്പിക്കുന്നു. ഈ അധ്യായത്തിൽ 3-ാം വാക്യ ത്തിൽ തുടങ്ങിയതാണ് ഈ പ്രബോധനം. ഇവിടെ ഇതാ വീണ്ടും അത് തുടരുന്നു.

തിമൊഥി രക്ഷിക്കപ്പെട്ട സമയംതന്നെ തിമൊഥിയെപ്പറ്റി പ്രവചനം ഉണ്ടായി. ഒന്നാം നൂറ്റാണ്ടിൽ പരിശുദ്ധാത്മാവ് സഭാ ശുശ്രൂഷക്കായി തെരഞ്ഞെടുക്കപ്പെടുന്നവരെപ്പറ്റി യുള്ള ദൈവഹിതം അവരെപ്പറ്റിയുള്ള ദൈവത്തിന്റെ ഉദ്ദേശം യാതൊരു സംശയ ത്തിനും ഇടയില്ലാതെ സഭയിൽ പ്രവചനത്തിന്റെ ദൂതുകളിലൂടെ കൊടുത്തിരുന്നു.

www.gospelsajacobsreviews.com
fleettech@gmail.com

എപ്പോൽ ഈ പ്രവചനം ഉണ്ടായി. ഏതു ദൈവദാസനിലൂടെ കൊടുത്തു, ഇതു വിവരിക്കുന്നില്ല. എന്നാൽ ഈ വിവരം പൗലൂസിന് അറിവുണ്ടായിരുന്നു.

ഇവിടെയിതാ ഒരു ശ്രേഷ്ഠമായ ശുശ്രൂഷ തിമൊഥിയെ ഭരമേല്പിക്കാൻ വി. പൗലൂസിനു ദൈവാത്മാവിന്റെ പ്രേരണ ഉണ്ടായി.

ഒരു വലിയ യുദ്ധ സേവയ്ക്കായി തിമൊഥി ഒരുങ്ങണം.

തിമൊഥി ഈ പ്രവചനങ്ങളെ ഓർക്കയും, അതിനാൽ തളരാതെ പോരാടുകയും വേണം.

1:19 നല്ല പോരാട്ടത്തിന് ഇവിടെയിതാ രണ്ട് ആയുധങ്ങളെ പറഞ്ഞുകൊടുക്കുന്നു.

വിശ്വാസം - നല്ല മനഃസാക്ഷി (faith and good conscience) 1Tim 1:5 ലും നാം ഇതേ ഉപദേശം നാം കാണുന്നു.)

വിശ്വാസവും നല്ല മനഃസാക്ഷിയും രണ്ടും ഒന്നിച്ചുണ്ടാകണം.

രണ്ടിലും ജയിക്കണം.

ഒരു കാര്യത്തിൽ ജയിച്ചാൽ രണ്ടാമത്തതിലും ജയമുണ്ട്. നിശ്ചയം. എന്നാൽ വിശ്വാസത്താൽ പതറിയാൽ നല്ല മനഃസാക്ഷിയിലും പതറും. ഫലം - പരാജയം.

നല്ല മനഃസാക്ഷി തള്ളിയാൽ - വിശ്വാസത്തിൽ നിലനിൽക്കുവാൻ കഴിയുന്നതല്ല.

Moral failure will bring in Theological failure

എത്ര കരുതലോടെ ഒരു ദൈവപൈതൽ ജീവിക്കണം.

രണ്ടു വ്യക്തികൾ നല്ല മനഃസാക്ഷി തള്ളിക്കളഞ്ഞു. അവർ വിശ്വാസത്തിൽ പരാജയം ഏറ്റുവാങ്ങി. അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി എന്നു വി. പൗലൂസ് എഴുതിയിരിക്കുന്നു. ഹൂമനയോസും. അലക്സന്തറും. ഈ രണ്ടു വ്യക്തികളെയും കൂട്ടായ്മയിൽനിന്നും വെളിയിലാക്കി.

ഒരു രീതിയിൽ പറഞ്ഞാൽ ex-communicate ചെയ്തു. അവിടെ എന്തുണ്ട്? അവിടെ എന്തില്ല?

നാം ഒരു ക്രിസ്തീയ കൂട്ടായ്മയുടെ ഉള്ളിൽ വസിക്കുമ്പോൾ. നമുക്കുചുറ്റും രക്ഷകന്റെ വലിയ കോട്ട ഉണ്ട്.

നാം രക്തവളപ്പിനുള്ളിലാണ്.

അവിടെ ആരാധന ഉണ്ട്. സ്തുതി ഉണ്ട്. സ്തോത്രം ഉണ്ട്. ദൈവത്തിന്റെ മാറ്റമില്ലാത്ത സാന്നിദ്ധ്യം ഉണ്ട്.

സാത്താന് അവിടെ പ്രവേശനം ഇല്ല. ശത്രു പുറത്താണ്. എന്നാൽ നാം ക്രിസ്തുയേശുവിന്റെ ശരീരമാകുന്ന സഭയ്ക്കു പുറത്താകുമ്പോൾ അതു സാത്താന്റെ ആധിപത്യമുള്ള ഇടം. അവിടെ നമുക്കുചുറ്റും രക്ഷകന്റെ കോട്ടയില്ല. സാത്താനാണ് അവിടത്തെ അധിപധി.

ഈ രണ്ടു വ്യക്തികളെ ക്രിസ്തീയ കൂട്ടായ്മയിൽനിന്നും പുറത്താക്കാനാണു വി. പൗലൂസ് നിർദ്ദേശിക്കുന്നത്. വി. പൗലൂസ് ഹൃദയത്തിൽ അവരെപ്പറ്റി ആഗ്രഹിക്കുന്നത് - അവർ മാനസ്സാന്തരപ്പെട്ടു മടങ്ങിവരണമെന്നാണ്.

ശിക്ഷിപ്പാനല്ല. രക്ഷിപ്പാനും, തിരികെ കൊണ്ടുവരാനുമുള്ള ഉദ്ദേശത്തിലാണ് സഭയിൽനിന്നും പുറത്താക്കാനായി നിർദ്ദേശിച്ചത്. വിധിച്ചത്.

www.gospel.sajacobsreviews.com

fleettech@gmail.com